നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 ജൂൺ വാല്യം 2
ഓൺലൈൻ വായനയ്ക്ക്
35
നവ കേരളം കർമപദ്ധതി

# വിദ്യാലയങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനം ഊർജ്ജിതം : മുഖ്യമന്ത്രി

**234 സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ, 457 ഇടത്ത് പച്ചത്തുരുത്തുകൾ, ഹരിതചട്ട പാലനത്തിനും ജൈവവൈവിധ്യ പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾക്കും പിന്തുണ.**

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം രസതന്ത്രം ലാബിനോട് ചേർന്ന് പ്രാദേശിക ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നതായി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ഇത്തരത്തിൽ 234 ലാബുകൾ ഇപ്പോൾ പ്രവർത്തന സജ്ജമാണ്. 294 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടിയിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഇതിനു പുറമെ സംസ്ഥാനത്തെ സ്കൂളുകളിൽ മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഹരിതചട്ടം പാലിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഇടപെടലുകൾ ഹരിതകേരളം മിഷൻ നടത്തി വരുന്നതായും ഇത്തരത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത 4198 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ 457 സ്കൂളുകളിലായി 67.69 ഏക്കർ സ്ഥലത്ത് പച്ചത്തുരുത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ മൂന്നാറിലും പരിസര പ്രദേശങ്ങളിലും സന്ദർശകരായെത്തുന്ന



വിദ്യാർത്ഥികൾക്ക് ഈ പ്രദേശത്തെ ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള അറിവ് നൽകാൻ ലക്ഷ്യമിട്ട് അടിമാലി ഗവ. ഹൈസ്കൂളിൽ 'നീലക്കുറിഞ്ഞി' ജൈവ വൈവിധ്യ വിജ്ഞാനകേന്ദ്രം സ്ഥാപിച്ചതായും മുഖ്യമന്ത്രി അറിയിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിതചട്ട പാലനത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് എല്ലാ സ്ഥാപനങ്ങളിലും ഹരിതചട്ടം നടപ്പാക്കാനായി വിപുലമായ കാമ്പയിൻ സംഘടിപ്പിച്ചതിന്റെ തുടർച്ചയായി 14096 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇതിൽ 9210 സ്ഥാപനങ്ങൾ ഹരിത സർട്ടിഫിക്കറ്റിന് അർഹത നേടുകയും ചെയ്തു.

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലും ജല-ഊർജ്ജ സംരക്ഷണത്തിലും വിദ്യാർത്ഥികളെ പ്രാപ്തരാക്കാനുള്ള പ്രവർത്തനങ്ങളും ഹരിതകേരളം മിഷൻ നടപ്പാക്കി വരുന്നു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെട്ട 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ സംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നിവയ്ക്കുള്ള ഇടപെടലുകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 2395 അങ്കണവാടികളിൽ 'അംഗൻ ജ്യോതി' പദ്ധതിയിലുൾപ്പെടുത്തി ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്തു.

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സ്കൂളുകളിൽ വിവിധ പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾക്കും ഹരിതകേരളം മിഷൻ പിന്തുണ നൽകി. എല്ലാ വേനലവധിക്കാലത്തും പരിസ്ഥിതി ക്യാമ്പുകൾ, പഠനോത്സവം എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 2024 മേയ് 26, 27, 28 തീയതികളിൽ ബ്ലോക്ക്-ജില്ലാ-സംസ്ഥാനതല ക്വിസ് മത്സരങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പഠനോത്സവ ക്യാമ്പ് സംഘടിപ്പിച്ചതായും ഇതിൽ പങ്കെടുത്ത 59 പേരെ സംസ്ഥാനതല സ്കൂൾ ഗ്രീൻ അംബാസിഡർമാരായി തെരഞ്ഞെടുത്തതായും മുഖ്യമന്ത്രി അറിയിച്ചു.

# വീടുകളെ ചെറു പച്ചത്തുരുത്തുകളാക്കി മാറ്റണം: മന്ത്രി ജെ. ചിഞ്ചുറാണി

എല്ലാവർക്കും വീട് എന്ന സർക്കാർ ലക്ഷ്യം സാക്ഷാത്കരിക്കുമെന്നും ഈ വീടുകളെ ശുദ്ധമായ പ്രാണവായു നൽകുന്ന ചെറുപച്ചതുരുത്തുകൾ ആക്കി മാറ്റണമെന്നും ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. കൊല്ലം ജില്ലയിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നു നടപ്പാക്കുന്ന പച്ചത്തുരുത്ത് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും



# എഡിറ്റോറിയൽ

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ



ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. 2070 ൽ ഈ ലക്ഷ്യം കൈവരിക്കാൻ രാജ്യം ശ്രമിക്കുമ്പോൾ ഒരുപടി മുന്നിലായി 2050 ൽ ഈ ലക്ഷ്യം നേടിയെടുക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവ് കണക്കാക്കി ഇതു രണ്ടിന്റെയും തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

നെറ്റ് സീറോ കാർബണുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ധരേയും വിവിധ വകുപ്പുകളെയും ഏജൻസികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിശാസ്ത്രം അവലംബിച്ചാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയമായി നടപ്പാക്കാൻ കഴിയുന്ന നിർവഹണ രൂപരേഖ, സാങ്കേതിക നിർവഹണ സഹായങ്ങൾക്കായി സംസ്ഥാന ജില്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ കോർ ഗ്രൂപ്പ് സംഘാടനം, കോർഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമന തോത്, കാർബൺ സംഭരണം കണക്കാക്കൽ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണ മാർഗ്ഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതല കാമ്പയിൻ പ്രവർത്തനങ്ങളും ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും, എനർജിമാനേജ്മെന്റ് സെന്ററുമായി ചേർന്ന് ഊർജ്ജ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ, സർക്കാർ സ്ഥാപനങ്ങളിലെ ഊർജ്ജ ഓഡിറ്റ്, WRI യുടെ സഹായത്തോടെ പുരപ്പുറ സൗരോർജ്ജ സാധ്യതാപഠനം, ഊർജ്ജ കാര്യക്ഷമതയുള്ള വാഹന ഉപയോഗം സംബന്ധിച്ചുള്ള പരിശീലനം പച്ചത്തുരുത്തുകളുടെ വ്യാപനം തുടങ്ങിയവ ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇതിനുപുറമെ ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി പുനസ്ഥാപനം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഹരിതകേരളം മിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ നെറ്റ് സീറോ കാർബൺ അവസ്ഥകൂടി കൈവരിക്കാനുതകുംവിധം ലക്ഷ്യമിട്ടുള്ളവയാണ്.

ദീർഘകാല പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയും മാത്രമേ നെറ്റ് സീറോ കാർബൺ അവസ്ഥ നേടിയെടുക്കാനാവൂ. ചിരപരിചിതമല്ലാത്തൊരു ആശയം ജനങ്ങളിലെത്തിക്കാനുള്ള വിപുലമായ ബോധവത്കരണ പരിപാടികൾ, മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം, വിശകലനം, മാതൃകാ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കാമ്പയിൻ പുതിയൊരു ഘട്ടത്തിലേക്ക് കടക്കുകയാണ്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 92 തദ്ദേശ സ്ഥാപനങ്ങൾക്കുപുറമേ 25 തദ്ദേശ സ്ഥാപനങ്ങളിൽ കൂടി നെറ്റ് സീറോ കാർബൺ കേരളം കാമ്പയിൻ പുരോഗമിക്കുന്നു. ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിൽ എല്ലാം ലഭിക്കുന്ന ജനകീയ പങ്കാളിത്തം ആശാവഹമാണ്. ഒപ്പം പ്രധാനമാണ് കാർബൺ ബഹിർഗമന തോത് കുറയ്ക്കാനുള്ള ബോധപൂർവമായ ശ്രമവും.

ഡോ. ടി.എൻ. സീമ
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

പച്ചത്തുരുത്ത് പോലെയുള്ള പദ്ധതികൾ വ്യാപകമായി നടപ്പാക്കാനുള്ള ഉത്തരവാദിത്വം ഓരോ പൗരനും നൽകുകയാണ്. കാലം തെറ്റി വരുന്ന മഴയും വെയിലും ദൈനംദിന ജീവിതത്തെയും, കൃഷി ജീവിതോപാധിയാക്കിയ ഒരു സമൂഹത്തിന്റെ താളം തെറ്റിക്കുകയാണെന്നും മന്ത്രി പറഞ്ഞു. ജി.എസ്.ജയലാൽ എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. ശ്രീകുമാർ, വൈസ് പ്രസിഡന്റ് നിർമല വർഗീസ്, പഞ്ചായത്ത് പ്രസിഡന്റുമാരായ അമ്മിണിയമ്മ, എസ്.കെ. ചന്ദ്രകുമാർ, ടി.ആർ. സജില, എൻ. ശാന്തിനി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എ. ആശാദേവി, പ്രിജി ശശിധരൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. ഐസക് എന്നിവർ സംസാരിച്ചു.

## സംസ്ഥാനത്ത് 10,000 യോഗ ക്ലബ്ബുകൾ സ്ഥാപിക്കും: മന്ത്രി വീണാ ജോർജ്

യോഗ പ്രചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ വർഷം പുതുതായി 10,000 യോഗ ക്ലബ്ബുകൾ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ വർഷം 1000 യോഗ ക്ലബ്ബുകൾ ആരംഭിച്ചു. കൂടാതെ 600 ഓളം വനിതാ യോഗ ക്ലബ്ബുകളും ആരംഭിച്ചു. പുതുതായി തുടങ്ങുന്ന 10,000 യോഗ ക്ലബ്ബുകളിലും നല്ലൊരു ശതമാനം വനിതാ യോഗ ക്ലബ്ബുകൾ ഉണ്ടാകും. ശരാശരി ഒരു യോഗാ ക്ലബ്ബിൽ 25 അംഗങ്ങൾ ഉണ്ടായാൽ 10,000 യോഗ ക്ലബ്ബിലൂടെ 2,50,000 പേർക്ക് യോഗ അഭ്യസിക്കാൻ സാധിക്കും. ഇതിലൂടെ സമൂഹത്തിന് ഉണ്ടാകുന്ന ആരോഗ്യകരമായ മാറ്റം വലുതാണെന്നും മന്ത്രി പറഞ്ഞു. പത്താമത് അന്താരാഷ്ട്ര യോഗ ദിന സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആർദ്രം മിഷന്റെ 10 പ്രധാന പദ്ധതികളിൽ ഒന്നാണ് ജീവിതശൈലീ രോഗങ്ങളെ അകറ്റി നിർത്തുക എന്നത്. സമൂഹത്തിന്റെ രോഗാതുരത കുറയ്ക്കുന്നതിൽ യോഗയ്ക്ക് പരമ പ്രധാന സ്ഥാനമുണ്ട്. എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായി യോഗ അഭ്യസിപ്പിക്കുക എന്ന ഉദ്യമമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമ്പൂർണ യോഗ പരിജ്ഞാനം നൽകി ആരോഗ്യവും ജീവിത ഗുണനിലവാരവും ഉറപ്പ് വരുത്താനാണ് പരിശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.



# എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമസേന സജ്ജം: മന്ത്രി എം.ബി. രാജേഷ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള അജൈവ പാഴ്‌വസ്തു പരിപാലന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയതായി മന്ത്രി എം.ബി. രാജേഷ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമസേന രൂപീകരിച്ചു. ഇവർ മുഖേനയുള്ള വാതിൽപ്പടി പാഴ്‌വസ്തു ശേഖരണം നടത്തിവരുന്നു. ഇത് നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനമായ ഹരിതമിത്രം മൊബൈൽ



ആപ്ലിക്കേഷൻ 80 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിച്ചുവരുന്നു. നിയമസഭാ ചോദ്യത്തിനുള്ള മറുപടിയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കൃത്യമായ പാഴ്‌വസ്തു പരിപാലനത്തിനായി വാർഡ് തല മിനി എം.സി.എഫ്., 1209 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് പുനരുപയോഗത്തിന് സജ്ജമാക്കുന്ന 141 റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവയും പ്രവർത്തിച്ചു വരുന്നു.

# മാലിന്യ സംസ്കരണ മേഖലയിൽ ജനകീയ ഇടപെടലുകൾ അനിവാര്യം : ഡോ. തോമസ് ഐസക്

മാലിന്യ പ്രശ്നം പരിഹരിക്കാൻ ജനകീയ പ്രസ്ഥാനം കെട്ടിപ്പെടുക്കണമെന്ന് മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്. കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മൂന്നുപെരിയ താജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ക്ലീൻ ആൻഡ് ഗ്രീൻ കോൺക്ലേവ് ജനകീയ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാത്തതിന്റെ ഫലമായി പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നു. പൊതുജനങ്ങളുടെ ശീലത്തിലും ബോധത്തിലും മാറ്റം വരുത്തിക്കൊണ്ട് നിലവിലുള്ള ശുചിത്വ പ്രതിസന്ധി പരിഹരിക്കുവാൻ കേരളത്തിന് കഴിയും. അതിന് ജനപങ്കാളിത്തം അത്യാവശ്യമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. ഷീബ അധ്യക്ഷത വഹിച്ചു. പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന മാലിന്യ പരിപാലന പരിപാടിയും പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്ലീൻ ആൻഡ് ഗ്രീൻ കോൺക്ലേവ് സംഘടിപ്പിച്ചത്. ചെറു പട്ടണങ്ങൾ സൗന്ദര്യ




വൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ മൂന്നുപേരിയ ടൗണിൽ നടത്തിയ ശുചിത്വ മാതൃക പ്രവർത്തനങ്ങൾ ഡോ. തോമസ് ഐസക് സന്ദർശിച്ച് വിലയിരുത്തി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ശുചിത്വമിഷൻ കോർഡിനേറ്റർ കെ.എം. സുനിൽകുമാർ എന്നിവർ വിഷയാവതരണം നടത്തി. പഞ്ചായത്ത് സെക്രട്ടറി പി.പി. സജിത ശുചിത്വവും ഹരിതാഭവുമായ ഗ്രാമം റിപ്പോർട്ട് അവതരിപ്പിച്ചു.

# പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കണം : ഡോ. ടി.എൻ. സീമ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. കാർബൺ സംഭരണം കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് 2024 ജൂൺ 25ന് തിരുവനന്തപുരം തൈക്കാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ നടന്ന ശില്പശാല നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ



എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കാനുള്ള പ്രവർത്തനത്തിൽ എല്ലാവരും ഒത്തു ചേർന്നു പ്രവർത്തിക്കണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രായോഗികമായി ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യാൻ സഹായിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുകയാണ് ഈ കാമ്പയിന്റെ ലക്ഷ്യമെന്നും ടി.എൻ. സീമ പറഞ്ഞു.

124 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഈ കാമ്പയിനിലൂടെ നെറ്റ് സീറോ കാർബണിലേയ്ക്ക് എത്തുവാൻ ശ്രമിക്കുന്നത്. കാർബൺ സംഭരണം കണക്കാക്കലിനായുള്ള വിവര ശേഖരണത്തിന് ഏറ്റവും ലളിതവും അനുയോജ്യവുമായ രീതിശാസ്ത്രം സംബന്ധിച്ച് വിദഗ്ധരുടെ അവതരണങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് ഈ ശില്പശാല സംഘടിപ്പിച്ചത്. WRI, KFRI, CWRDM, JNTBGRI, SIGN, വിവിധ സർവകലാശാലകൾ എന്നിവടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരും വിദഗ്ധരും ശിൽപ്പശാലക്ക് നേതൃത്വം നൽകി.

## കൽപ്പറ്റ ബ്ലോക്കിൽ ജലബജറ്റ് പ്രകാശനം ചെയ്തു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ CWRDM ന്റെ സാങ്കേതിക സഹായത്തോടെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ നിർവഹിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെയും വൈത്തിരി, പൊഴുതന, വെങ്ങപ്പള്ളി, കോട്ടത്തറ, പടിഞ്ഞാറത്തറ, മേപ്പാടി, മുട്ടിൽ, മൂപ്പൈനാട്, തരിയോട് എന്നീ ഗ്രാമപഞ്ചായത്തുകളുടെയും




ജലബജറ്റുകളാണ് പ്രകാശനം ചെയ്തത്. ബ്ലോക്ക് വൈസ് പ്രസിഡന്റ് അസ്മ കെ.കെ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.സുരേഷ് ബാബു ജലബജറ്റിന്റെ വിഷയാവതരണം നടത്തി.

മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ബാബു ആശംസ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രദീപൻ പി.പി. സ്വാഗതവും ഹരിതകേരളം മിഷൻ റിസോർസ് പേഴ്സൺ ആതിര കെ.ജി. നന്ദിയും അറിയിച്ചു. വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, ഹരിതകേരളം ടെക്നിക്കൽ അസിസ്റ്റന്റ്, ഇന്റേൺസ് എന്നിവർ പങ്കെടുത്തു.

## ചെങ്ങന്നൂർ ഡയറ്റ് ഹരിത കാമ്പസ് പ്രവർത്തന മികവിലേക്ക്

ആലപ്പുഴ ചെങ്ങന്നൂർ ഡയറ്റ് ക്യാമ്പസിൽ സംഘടിപ്പിച്ച സമൂഹ സമ്പർക്ക സഹവാസ ക്യാമ്പിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഹരിത കാമ്പസ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

രണ്ടു ഘട്ടമായി നടന്ന കാമ്പിൽ ഒന്നാം ഘട്ടം ഏപ്രിൽ 2 ന് ഹരിതകേരളം മിഷൻ സംസ്ഥാന അസ്സി. കോർഡിനേറ്റർ ടി.പി. സുധാകരൻ നെറ്റ് സീറോ കാർബൺ വിദ്യാലയം, ജല സുരക്ഷയും സുസ്ഥിര പരിപാലനവും എന്നിവയെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി. അതിന്റെ ഭാഗമായി ഒന്നാം വർഷ വിദ്യാർത്ഥികളെ 5 ഗ്രൂപ്പുകളാക്കി അവർ ഓരോ ഗ്രൂപ്പിനും മാലിന്യ സംസ്കരണം, ജല സംരക്ഷണം, കൃഷി പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനം, ഊർജ്ജ സംരക്ഷണം, ഹരിത പെരുമാറ്റ ചട്ടം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ എന്തൊക്കെ സാധ്യമാകും എന്നതിനെപ്പറ്റി ചർച്ച ചെയ്തു. തുടർന്ന് ഓരോ ഗ്രൂപ്പും ഓരോ വിഷയങ്ങളിൽ എന്തൊക്കെ ചെയ്യാനാകുമെന്നുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. നെറ്റ് സീറോ കാർബൺ ആദ്യ ഘട്ടമെന്ന നിലയിൽ പച്ചതുരുത്തിനുള്ള സ്ഥലം കണ്ടെത്തി അവിടെ മരങ്ങൾ നട്ടു പിടിപ്പിക്കുകയും ചെയ്തു.

പൂന്തോട്ടം, ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുവാൻ ഉള്ള ബിന്നുകൾ, ഹരിത നിർദ്ദേശക ബോർഡുകൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനായി BLDC ഫാനുകൾ, സോളാർ പാനലുകൾ, LED ബൾബുകൾ എന്നിവ സ്ഥാപിച്ചു. മാലിന്യ സംസ്കരണത്തെ കുറിച്ച് ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ വേണ്ട നിർദ്ദേശങ്ങൾ നൽകി. ജലസംരക്ഷണത്തിനായി ജല സംഭരണികൾ, മറ്റു കിണറുകൾ എന്നിവ ശുചിയാക്കിയിട്ടുണ്ട്. ജൈവ പച്ചക്കറി തോട്ടങ്ങൾ നിർമിക്കുകയും ചെയ്തു. അദ്ധ്യാപകർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ എന്നിവർ ഹരിത കാമ്പസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# കയ്യേറ്റ ഭൂമി ഒഴിപ്പിച്ച് പച്ചത്തുരുത്ത്

തൃശൂർ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ കേച്ചേരിപ്പുഴയുടെ തീരങ്ങളിൽ 5.75 കിലോമീറ്റർ കയ്യേറ്റ ഭൂമി, ഗ്രാമപഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിൽ ഒഴിപ്പിച്ചെടുത്തതിൽ പാറന്നൂർ കുരുത്തിച്ചാൽ പാലത്തിന് സമീപപ്രദേശത്ത് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ പച്ചത്തുരുത്ത് ഒരുക്കുന്നു. എം.എൽ.എ. മുരളി പെരുനെല്ലി പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ പഞ്ചായത്തിലെ മൂന്നാം വാർഡ് ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ദിദിക സി. എന്നിവർ മുഖ്യാതിഥികളായി.



# തോട്ടറപുഞ്ച കൃഷിയോഗ്യമാകും,നടപടികൾ ആരംഭിച്ചു

കൊച്ചി തോട്ടറ പുഞ്ച പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് ത്രിതല പഞ്ചായത്ത് ഭരണസമിതികൾ കൃഷി വകുപ്പ്, പാടശേഖരസമിതികൾ മുതലായവരുടെ ഏകോപനത്തിലൂടെ ഒരു കർമപദ്ധതി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷൻ ആരംഭിച്ചു. ഹരിതകേരളം മിഷന്റെ സംസ്ഥാന ജില്ലാതല ഉദ്യോഗസ്ഥർ തോട്ടറ പുഞ്ച സന്ദർശിക്കുകയും കൃഷിയുടെയും ജലസേചനത്തിന്റെയും പ്രശ്നങ്ങൾ കർഷകരോട് നേരിട്ട് ചോദിച്ചറിയുകയും ചെയ്തു. തുടർന്ന് പുഞ്ചയിലെ പാടശേഖര സമിതി ഭാരവാഹികൾ വാർഡ് മെമ്പർമാർ രണ്ട് പഞ്ചായത്തിലെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിളിച്ച് ചേർത്തു. പുഞ്ച പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് ഓരോ പാടശേഖരത്തിലും അടിയന്തരമായും ദീർഘകാല അടിസ്ഥാനത്തിലും ചെയ്യേണ്ട പ്രവർത്തികൾ മുൻഗണനാടിസ്ഥാനത്തിൽ പാടശേഖരസമിതി ഭാരവാഹികൾ അവതരിപ്പിച്ചു. തുടർന്ന് വാർഡ് മെമ്പർമാരും



സംസാരിച്ചു. തോട്ടറ പുഞ്ച വികസന സമിതിയുടെ ചെയർമാൻ ടി.ആർ. ഗോവിന്ദൻ പുഞ്ചയുടെ നിലവിലുള്ള പ്രശ്നങ്ങൾ വിവരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് അധ്യക്ഷത വഹിച്ച യോഗത്തിന് കൃഷി ഓഫീസർ ബാല അജിത്ത് സ്വാഗതം പറഞ്ഞു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ യു. സുരേഷ് എന്നിവർ വിശദീകരണം നടത്തി.

# ഹരിതഭൂമി വൃക്ഷവൽക്കരണയജ്ഞം

ഹരിതകേരളം മിഷന്റെ സഹകരണത്തോടെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഹരിതഭൂമി വൃക്ഷവൽകരണ യജ്ഞം കാമ്പയിനിനായി എൻഎസ്എസ് കോർഡിനേറ്റർമാരുടെ യോഗം ജില്ലാ



പഞ്ചായത്ത് ഹാളിൽ ചേർന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനുമോൾ കെ. അധ്യക്ഷത വഹിച്ച യോഗത്തിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി.സൈയ്തലവി കാമ്പയിൻ വിശദീകരണം നടത്തി. ഹരിതകേരളം മിഷൻ സീനിയർ റിസോർസ് പേഴ്സൺ ഡോ. കെ. വാസുദേവൻ പിള്ള, എൻ.എസ്.എസ്. ജില്ലാ കോർഡിനേറ്റർ പ്രവീൺ തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. പരിസ്ഥിതി പുനഃസ്ഥാപനത്തിനായി ജില്ലാ പഞ്ചായത്ത് ആരംഭിച്ച 'പാരിസ്ഥിതികം 2024' കാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടുകൂടി പച്ചത്തുരുത്തുകൾ നിർമിക്കുകയാണ് ഹരിതഭൂമി കാമ്പയിൻ ലക്ഷ്യംവെക്കുന്നത്.

# പരിസ്ഥിതിയെ അറിഞ്ഞ് പട്ടണം മുസിരിസിലൂടെ ഒരു യാത്ര

ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനാഘോഷത്തോട് അനുബന്ധിച്ച് എറണാകുളം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തും പട്ടണം ചരിത്ര ഗവേഷണ കൗൺസിലും ചേർന്ന് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന ശില്പശാല പട്ടണം സൈറ്റ് മ്യൂസിയത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ ഉദ്ഘാടനം ചെയ്തു. കെ.സി.എച്ച്.ആർ. അക്കാദമിക് കോർഡിനേറ്റർ ഡോ. പി.എസ്. ഫാഷിയ അധ്യക്ഷയായി. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ഗ്രീൻ സിനിമ പ്രദർശനം, സർവ്വ സുഗന്ധി തൈനടൽ, ചിത്രരചന എന്നിവയും നടന്നു. തഞ്ചാവൂർ തമിഴ് യൂണിവേഴ്സിറ്റിയിലെ ഡോ. വി. സെൽവകുമാർ, ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.





## മാലിന്യം നിറഞ്ഞ പ്രദേശം പച്ചത്തുരുത്ത് ആകുന്നു

പത്തനംതിട്ട ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്ത് പദ്ധതി തുടങ്ങി. ഹരിതകേരളം മിഷൻ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സഹകരിച്ചുള്ള പദ്ധതി വാർഡ് 13 ലെ മാർക്കറ്റിന് സമീപം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോൺസൺ വിളവിനാൽ ഉദ്ഘാടനം ചെയ്തു. മാലിന്യം നിറഞ്ഞ് ഉപയോഗിക്കാതെ കിടന്ന സ്ഥലം വൃത്തിയാക്കി കൊണ്ട് തനതായ വൃക്ഷങ്ങളും, തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃക സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുന്നതാണ് പദ്ധതി. ഒരു സെന്റ് സ്ഥലത്ത് 20 തൈകൾ ആണ് നടുന്നത്.

ജൈവ വേലി, പച്ചത്തുരുത്ത് ബോർഡ്, മാലിന്യം ഇടുന്ന ആളുകളെ കണ്ടെത്താൻ വേണ്ടി സിസിടിവി ക്യാമറ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽ കുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി രഞ്ജിമ, ഹരിത കേരളം മിഷൻ ആർ.പി. ഗോകുൽ, തൊഴിലുറപ്പ് ഓവർസിയർ രതീഷ്, അരുൺ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇരിട്ടി ഇക്കോ ടൂറിസം - പദ്ധതി

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഹരിതകേരളം മിഷന്റെയും സഹകരണത്താൽ നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് എയർപോർട്ട് സിറ്റി ചാപ്റ്റർ - നേതൃത്വം നൽകിക്കൊണ്ട് കണ്ണൂർ ഇരിട്ടി ഇക്കോ ടൂറിസം പദ്ധതി ശില്പശാല സംഘടിപ്പിച്ചു. ഉദ്ഘാടനം അഡ്വ. സണ്ണി ജോസഫ് MLA നിർവഹിച്ചു.




ടി. കെ. രമേഷ് കുമാർ പ്രസിഡന്റ് (NMCC) അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, ഇരിട്ടി നഗരസഭ ചെയർപേഴ്സൺ കെ. ശ്രീലത, പായം,ആറളം,അയ്യങ്കുന്ന്, തില്ലങ്കേരി, കേളകം പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുത്തു.

# പാലക്കാട് ചുരത്തിനെ പച്ചപുതപ്പിക്കാൻ ' ഗ്രീൻ ദ ഗ്യാപ്പ്' പദ്ധതി

പാലക്കാട് ജില്ലയിലെ കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ദുരന്തങ്ങൾ വർധിച്ചു വരികയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ പാരിസ്ഥിതികം 2024 ഹരിതഭൂമി 'ഗ്രീൻ ദ ഗ്യാപ്' കാമ്പയിന് തുടക്കമായി. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പദ്ധതിയുടെ ആദ്യഘട്ട യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോളിന്റെ അധ്യക്ഷതയിൽ 2024 ജൂൺ 20 നു ഉച്ചയ്ക്ക് 2 മണിക്ക് ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്നു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി കാമ്പയിൻ വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് പ്ലാനിംഗ് കമ്മിറ്റി വൈസ് ചെയമാൻ വി.എം. മുസ്തഫ, സോഷ്യൽ ഫോറസ്ട്രി, എം.ജി.എൻ.ആർ.ഇ.ജി.എസ്., കൃഷി വകുപ്പ്, ഐ.ആർ.ടി.സി., വിവിധ കോളേജ് അധികൃതർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



പാലക്കാട് ജില്ലയുടെ കാലാവസ്ഥ നിർണയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന പശ്ചിമഘട്ട വിടവിനെ ഹരിത കവചമണിയിക്കുകയാണ് ഗ്രീൻ ദ ഗ്യാപ്പ് പദ്ധതി ലക്ഷ്യമിടുന്നത്. 32-40 കി.മീ. നീളത്തിലുള്ള ഭൗമവിടവ് ഉൾപ്പെടുന്ന പുതുശ്ശേരി, വടകരപ്പതി, എരുത്തെമ്പതി, കൊഴിഞ്ഞാമ്പാറ, പെരുമാട്ടി, പട്ടഞ്ചേരി, മുതലമട, എലപ്പുള്ളി, നല്ലേപ്പുള്ളി, പൊൽപ്പുള്ളി തുടങ്ങിയ പഞ്ചായത്തുകളിൽ കാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കും. തരിശു രഹിത ഭൂമി, ഭക്ഷ്യസ്വയം പര്യാപ്തത, സുസ്ഥിര മണ്ണ്, ജല സുരക്ഷ, കാർബൺ തുലിത മേഖലയാക്കുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, എം.ജി.എൻ.ആർ.ഇ.ജി.എസ്., തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹായത്തോടെ ജൂലൈ 1 മുതൽ ആരംഭിക്കും.



കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിലെ അംഗൻദിമോഗർ തോടിൽ കയർ ഭൂവസ്ത്രം വിരിച്ചു സംരക്ഷണം നടത്തുന്നു

## വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ ജലബജറ്റ്

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ പവിത്രേശ്വരം, ഉമ്മന്നൂർ, കുളക്കട, മൈലം, മേലില, വെട്ടിക്കവല എന്നീ ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റ് പ്രകാശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.രഞ്ജിത്ത് കുമാർ നിർവഹിച്ചു. ആദ്യഘട്ടത്തിൽ തയ്യാറാക്കിയ മുഖത്തല ബ്ലോക്കിലെ ജല ബജറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക് എന്ന കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും ലഭ്യമായ വെള്ളത്തിന്റെ അളവും അവിടുത്തെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട വെള്ളത്തിന്റെ അളവും കൃത്യതയോടെയും ശാസ്ത്രീയമായും ജനകീയമായും കണക്കാക്കി ജലലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ അവലംബിക്കാൻ ജലബജറ്റ് വഴിയൊരുക്കും. അധികജല സംരക്ഷണവും വരൾച്ച പ്രതിരോധവുമാണ് ജലബജറ്റിന്റെ ലക്ഷ്യം.

ജല സുരക്ഷ ഉറപ്പാക്കുന്നതിനായി അഞ്ചൽ, ഇത്തിക്കര എന്നീ ബ്ലോക്കുകളിലെ 13 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദിവ്യ ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ നടന്ന യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.രഞ്ജിത് കുമാർ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി കോർഡിനേറ്റർ എസ്. ഐസക് വിഷയാവതരണം നടത്തി. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, മെമ്പർമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു.

## തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ജലബജറ്റ് കൺവെൻഷൻ

എറണാകുളം തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ജലബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സമിതി യോഗം ചേർന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സന്ധ്യാമോൾ പ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത എൽദോസ് ഉദ്ഘാടനം നിർവഹിച്ചു. സ്ഥിരം സമിതി അധ്യക്ഷരായ അനിത ബേബി,സാജു ജോൺ, CWRDM സയന്റിസ്റ്റ് ഡോ. സെലിൻ ജോർജ്, പഞ്ചായത്ത് സെക്രട്ടറി റെജിമോൻ പി.പി., അസിസ്റ്റന്റ് സെക്രട്ടറി സാബുരാജ് എസ് വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ സുരേഷ് എ.എ. വിഷയാവതരണം നടത്തി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സി.ഡബ്ല്യു.ആർ.ഡി.എം. ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജലവിതരണം സാധ്യമാക്കുകയാണ് ജല ബജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇറിഗേഷൻ,സോയിൽ കൺസർവേഷൻ, കൃഷി വകുപ്പ്,വ്യവസായ വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ഭൂജല വിനിയോഗ വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്. തുടങ്ങിയ വിവിധ വകുപ്പുകൾ ആവശ്യമായ സാങ്കേതിക സഹായം നൽകുന്നത്.

# വലിയപറമ്പ കണ്ടലോരം പദ്ധതി രണ്ടാം ഘട്ടത്തിന് തുടക്കമായി

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും വലിയപറമ്പ പഞ്ചായത്ത് ബിഎംസിയുടെയും നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വലിയപറമ്പ ഗ്രാമപഞ്ചായത്ത് മാടക്കാൽ കണ്ടലോരം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചു. എം.ജി. എൻ.ആർ.ജി.എസ്. പദ്ധതിയിൽ നഴ്സറിയിലൂടെ ഉത്പ്പാദിപ്പിച്ചെടുത്ത 12000 കണ്ടൽതൈകൾ നടുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് വി.വി. സജീവന്റെ നേതൃത്വത്തിൽ ഭരണ സമിതി അംഗങ്ങളും, പരിസ്ഥിതി പ്രവർത്തകൻ സി.വി. ദിവാകരനും,തൊഴിലുറപ്പ് തൊഴിലാളികളും ജീവനക്കാരും BMC അംഗങ്ങളും നവകേരളം റിസോഴ്സ് പേഴ്സണും കായലിലൂടെ നടന്ന് കണ്ടലോരത്ത് എത്തി കണ്ടൽ തൈകൾ നട്ടത് വ്യത്യസ്ഥ അനുഭവമായി. കായലിൽ വെച്ച് നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് വി.വി. സജീവൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷനായ ഖാദർ പാണ്ഡ്യാല, ഭരണ സമിതി അംഗം എം. താജുന്നീസ, നവകേരളം റിസോഴ്സ് പേഴ്സൺ പി.വി. ദേവരാജൻ, BMC കൺവീനർ എൻ. ദേവരാജൻ എന്നിവർ സംസാരിച്ചു.





# കാണാം, കയർ ഭൂവസ്ത്രം വിരിച്ച ഗുണ്ഡിക -കടുക്കാപ്പാലം തോട്

കണ്ണൂർ ജില്ലയിൽ മുഴക്കുന്ന് പുരളിമലയിൽ നിന്ന് ഉത്ഭവിക്കുന്ന ചെറു അരുവികൾ കൂടിച്ചേർന്നൊഴുകുന്ന ഗുണ്ഡിക -കടുക്കാപ്പാലം തോട് ഒഴുകുന്നത് കയർഭൂവസ്ത്രം വിരിച്ച്. ഒരു കാലത്ത് മുടക്കോഴി മുതൽ കടുക്കാപ്പാലംവരെ ഏക്കറുകണക്കിന് വയലുകളിലെ കൃഷിക്ക് ജീവജലം നൽകിയ തോടാണിത്. ഒഴുക്ക് നിലച്ച് കവിഞ്ഞൊഴുകി കൃഷി നിർത്തേണ്ടിവന്ന തോടിനെ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ജലാഞ്ജലി-നീരുറവ് കാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ജനകീയ കൂട്ടായ്മയിലാണ് കൃഷിക്ക് അനുയോജ്യമായ വിധം മാറ്റിയെടുത്തത്.

മൂന്നുവർഷം മുമ്പ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ പ്രദേശത്തെ കർഷകരെയും കർഷക തൊഴിലാളികളെയും വയൽ ഉടമകളെയും നാട്ടുകാരെയും സംഘടിപ്പിച്ച് തോടിന്റെ കരയിലൂടെ 'തോട് നടത്തം' സംഘടിപ്പിച്ചതോടെ മറ്റ് തടസ്സങ്ങൾ കൂടാതെ തോട് ഒഴുകുന്നതിനും കൃഷി തിരിച്ചു പിടിക്കുന്നതിനുമുള്ള പദ്ധതി തയാറായി. പിന്നീട് പേരാവൂർ ജലാഞ്ജലി പദ്ധതി 'നീരുറവ് ' പദ്ധതിയിൽ കൂട്ടിയോജിപ്പിച്ച് ബ്ലോക്കിലെ മാതൃക പ്രവർത്തനമായി കണ്ട് പദ്ധതിക്ക് അന്തിമരൂപം നൽകുകയായിരുന്നു. മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ മൂന്ന് വാർഡുകളിലെ 149 തൊഴിലാളികളെ കണ്ടെത്തിയാണ് ഗുണ്ഡിക -കടുക്കാപ്പാലം മുതൽ തില്ലങ്കേരി പഞ്ചായത്ത് അതിർത്തി വരെയുള്ള രണ്ടു കി.മീറ്റർ ദൂരം തോട് പുനരുദ്ധാരണ പദ്ധതിക്ക് എസ്റ്റിമേറ്റ് തയാറാക്കിയത്. തോടിന്റെ വീതിയും ആഴവും കൂട്ടൽ, ഇതിൽനിന്ന് ലഭിക്കുന്ന മണ്ണ് വയലിലേക്ക് ഒഴുകിപ്പോകാതിരിക്കാനും, കരയിടിച്ചിൽ ഇല്ലാതിരിക്കാനും, കയർഭൂവസ്ത്രം വിരിക്കൽ എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി.

ആദ്യഘട്ടത്തിൽ 100 മീറ്റർ ദൂരം വരുന്ന ഓരോ റീച്ചുകളായി തിരിച്ച് ആറു റീച്ചുകളായി 600 മീറ്റർ ദൂരത്തെ പ്രവൃത്തികൾക്കാണ് തുടക്കമിട്ടത്. 2300 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് അഞ്ച് റീച്ചുകൾ പൂർത്തിയാക്കി 5700 സ്ക്വയർ മീറ്റർ കയർഭൂവസ്ത്രം വിരിച്ചു. ഇതിനു വേണ്ട മുളയാണിയും നെയ്തെടുത്ത കയറുകളും കയർഫെഡിൽ നിന്ന് ഏഴ് ലക്ഷം രൂപ ചെലവിൽ വാങ്ങി. എട്ട് ലക്ഷം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്കും ലഭിച്ചു. ഒരാഴ്ചക്കകം ഈ വർഷത്തെ പദ്ധതിയിലെ അവസാന റീച്ചിലെ നിർമ്മാണവും പൂർത്തിയാവും.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in